VI റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) സർ, കാര്യോപദേശകസമിതിയുടെ ഇരുപത്തിഒൻപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച

സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

VIII അനൗദ്യോഗിക ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം

1999-ലെ കേരള സംസ്ഥാന സമ്പൂർണ്ണ മദ്യനിരോധന ബിൽ

[11. am] ശ്രീ. എം. മുരളി : സർ, 1999-ലെ കേരള സംസ്ഥാന സമ്പൂർണ്ണ മദ്യനിരോധന ബില്ലിന്റെ[†] അവതരണാനുമതിയ്ക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിയ്ക്കുവേണ്ടി ഭക്ഷ്യവിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്ത് ഇപ്പോൾ ചാരായ നിരോധനം നിലവിലുണ്ട്. വ്യാജ മദ്യനിരോധനത്തിനാവശ്യമായ ഭേദഗതികൾ വരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മദ്യ നിരോധനമല്ല മദ്യ വർജ്ജനമാണ് സർക്കാരിന്റെ നയം. ഓരോ വ്യക്തിയും മദ്യത്തിന്റെ ദുഷ്യവശങ്ങളെപ്പറ്റി ബോദ്ധ്യപ്പെട്ട് മദ്യപാനത്തിൽ നിന്ന് പിൻ തിരിയുകയാണ്. ഏക മാർഗ്ഗം. അതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ എല്ലാവരു

[†] അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ടേയും പങ്കാളിത്തത്തോടെ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കേണ്ട ആവശ്യമില്ലെന്നാണ് പറയാനുള്ളത്.

<u>ശ്രീ. എം. മുരളി</u> : സർ, ഞാൻ വളരെ വികാരത്തോടെയാണ് ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചത്. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ രാഷ്ട്ര പിതാവ് മഹാത്മാഗാന്ധി നടത്തിയ മദ്യനിരോധനത്തിനുവേണ്ടിയുള്ള ആഹ്വാനം അടങ്ങിയ, ഒരു ലഘുപുസ്തകം എന്റെ കയ്യിൽ ഉണ്ട്. ഭാരതത്തിനകത്തുള്ള മദ്യ നിരോധനത്തെക്കുറിച്ച് മാത്രമല്ല, ദക്ഷിണാഫ്രിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലുമുൾപ്പെടെ ഒരു ലോക സംസ്ക്കാരം കെട്ടിപ്പടുക്കാൻ വേണ്ടി, മദ്യനിരോധനത്തിനുവേണ്ടി ഗാന്ധിജി ആഹ്വാനം ചെയ്തു. സമയച്ചുരുക്കംമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മദ്യനിരോധനത്തെ ബഹുമാനപ്പെട്ട മന്ത്രി ഗവൺമെന്റിനുവേണ്ടി എതിർത്തു വർജ്ജനം മതി എന്ന് പറഞ്ഞു. മദ്യ നിരോധനം എന്നത് കേവലം ഒരു ആരോഗ്യ പ്രശ്നം മാത്രമല്ല. അത് ഇന്ന് കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്. നൈതികവും, ധാർമ്മികവും, സാന്മാർഗ്ഗികവുമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകാൻ, പലതിനും മാതൃകയായ ഇൻഡ്യയിലെ ഏറ്റവും പ്രബുദ്ധമായ സംസ്ഥാനമായ കേരളം വീണ്ടും മാതൃക കാണിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംപൂർണ്ണ സാക്ഷരത, ജനകീയാസൂത്രണ പ്രക്രിയ ഇതെല്ലാം നമ്മൾ അഭിമാനം കൊള്ളേണ്ടതായ വസ്തുതകളല്ലേ? ഭാരത സമൂഹം, കേരളീയ സമൂഹം നേരിടുന്നമഹാവിപത്തിൽനിന്നും നമ്മുടെ നാടിനെ രക്ഷിക്കാൻ കേരളം വീണ്ടും മാതൃകയാകണം. 1967 മേയ് 1-ന് പിൻവലിച്ച മദ്യനിരോധന നിയമം സംപൂർണ്ണമാക്കി കേരളത്തിൽ നടപ്പിലാക്കണമെന്നതാണ് ഈ സ്വകാര്യ ബില്ലിലൂടെ ഞാൻ ഗവൺമെന്റിന്റെ മുൻപിൽ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യം. സമ്പൂർണ്ണ/മദ്യനിരോധനത്തിലേയ്ക്കുള്ള യാത്ര സുഗമമല്ല, കല്ലും മുള്ളും നിറഞ്ഞതാണ്. മദ്യരാജാക്കൻമാർ കൊടികുത്തിവാഴുന്ന ആധുനിക കേരള സമൂഹത്തിൽ..... ഗവൺമെന്റ് പറയുന്നത് നമ്മുടെ ഏറ്റവും വലിയ റവന്യൂവരുമാനം എക്സൈസ് തീരുവയാണെന്നാണ്. ഗവൺമെന്റിന്റെ മാത്രം അവകാശവാദമല്ല. അതില്ലാതായാൽ സംസ്ഥാന ഖജനാവ് പാപ്പരാകുമെന്ന് ഗവൺമെന്റ് വിലപിക്കുന്നു. പക്ഷേ മദ്യരാജാക്കൻമാർ കൊടികുത്തിവാണ്, സൃഷ്ടി-സ്ഥിതി-സംഹാര മൂർത്തികളായി മാറിയിരിക്കുന്നു. മദ്യരാജാക്കൻമാരേയും ഗവൺമെന്റിന്റെ ലാഭേച്ഛയേയും റവന്യൂ വരുമാനത്തിനുവേണ്ടിയുള്ള കൊതിയെയും അതിജീവിച്ചുകൊണ്ട് സമ്പൂർണ്ണ മദ്യനിരോധനത്തിലേയ്ക്കുള്ള കേരള സമൂഹത്തിന്റെ യാത്ര വളരെ അകലെയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യന്റെ തകർച്ചയ്ക്കും നാശത്തിനും പ്രധാന കാരണം മദ്യപാനമാണ്. കേരളീയ സമൂഹം, കർഷകൻ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ കൂലിപ്പണിക്കാർ തുടങ്ങിയ എല്ലാ വിഭാഗങ്ങളുടേയും പുരോഗതി മദ്യപാനത്തിലൂടെ തടസ്സപ്പെടുത്തിയിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഞാൻ ഈ ബില്ലിൽ വിഭാവനം ചെയ്യുന്നത് മദ്യം നിരോധിക്കണമെന്നുമാത്രമല്ല, കേരളത്തിലെ യുവാക്കളെ സംബന്ധിച്ചിടത്തോളം കാമ്പസുകളെ ഗ്രസിച്ചിരിക്കുന്ന ലഹരി മരുന്നുകൾ, മയക്കുമരുന്നുകൾ എന്നിവ കർശനമായ നടപടികളിലൂടെ നിരോധിക്കണമെന്നാണ്. കാമ്പസുകളേയും നമ്മുടെ നഗരങ്ങളേയും മാത്രമല്ല, ഗ്രാമ പ്രദേശങ്ങളെപ്പോലും ഇന്ന് ഗ്രസിച്ചിരിക്കുന്ന ഭ്രാന്തിന്റെ ലോകത്തേയ്ക്ക് യുവതലമുറയെ നയിച്ചുകൊണ്ടിരിക്കുന്ന ലഹരി മരുന്നുകളിൽനിന്നും മയക്കുമരുന്നുകളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

യുവതലമുറയെ രക്ഷിക്കാൻകൂടിയാണ് ഈ സ്വകാര്യബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബൈബിളിൽ പറയുന്നത് മദ്യപനായ ഒരു തൊഴിലാളി ഒരിക്കലും ധനവാനാവുകയില്ലെന്നാണ്. ഞാൻ ബൈബിൾ ഉദ്ധരിക്കുന്നതിൽ എന്നോട് ക്ഷമിക്കണം. ബൈബിളിലെ "യെശയ്യാ പ്രവാചകൻ പറയുന്നത്," മദ്യപൻമാരുടെ ഗർവിഷ്ട കിരീടത്തിനും മദോൻമത്തരുടെ സംപന്നമായ താഴ്വരയുടെ ശിരസ്സിൽ അണിഞ്ഞിരിക്കുന്ന മഹത്തായ സൗന്ദര്യത്തിന്റെ വാടിക്കൊഴിഞ്ഞ പുഷ്പത്തിനും ദുരിതം. കർത്താവിന്റെ കരുത്തനായ യോദ്ധാവ് അവയെ നിലത്ത് ഊക്കോടെ വലിച്ചെറിയുന്നു." മദോൻമത്തരുടെ കിരീടം നിലത്തിട്ട് ചവിട്ടും എന്നാണ്.

ഇവിടെ മദോന്മത്തരുടെ കിരീടം നിലത്തിട്ട് ചവിട്ടാൻ ഒരു ഭരണകൂടത്തിനും കഴിയുന്നില്ല. ആ കിരീടം വാഴ്ത്തിയാണ് ഇന്ന് ഭരണകൂടങ്ങൾ മുന്നോട്ടുപോകുന്നത്. ആ കിരീടം നിലത്തിട്ട് ചവിട്ടാനുള്ള ഒരു നിയമം കേരളത്തിലെങ്കിലും നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുകയാണ്. മദ്യം കേരളത്തിലേക്ക് കടന്നുവരുന്നത്.....

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, അങ്ങ് ഇവിടെ സമ്പൂർണ്ണമായ മദ്യനിരോധനത്തിനുവേണ്ടിയുള്ള ഒരു ബിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് ഗവൺമെന്റിന്റെ നയമെന്ന്. ഇവിടെ ആന്റണി ഗവൺമെന്റ് നടപ്പിലാക്കിയ ചാരായ നിരോധനംപോലും പരാജയപ്പെടുത്തി, കേരളത്തിൽ വ്യാപകമായി വ്യാജമദ്യ കച്ചവടത്തിന് അന്തരീക്ഷം ഉണ്ടാക്കിക്കൊടുത്ത ഒരു ഗവൺമെന്റിന്റെ മുന്നിൽ അങ്ങയുടെ പ്രസംഗമൊക്കെ കമിഴ്ത്തിവച്ച കുടത്തിനു മുകളിൽ വെള്ളമൊഴിക്കുന്നതുപോലെയല്ലേ?

<u>ശ്രീ. ആന്റണി രാജു</u> : സർ, കോൺഗ്രസ് ഭരിക്കുന്ന ഡൽഹിയിൽ മുഖ്യമന്ത്രി ശ്രീമതി ഷീല ദീക്ഷിത് അടുത്തകാലത്ത് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ടെലിഫോണിലൂടെ ആവശ്യപ്പെട്ടാൽ മദ്യം വീടുകളിൽ എത്തിച്ചുകൊടുക്കാമെന്ന് കഴിഞ്ഞ മാസം ശ്രീമതി ഷീല ദീക്ഷിത് ഒരു ഉത്തരവ് പുറപ്പെടുവിച്ച കാര്യം അങ്ങേക്കറിയുമോ?

<u>ശ്രീ. എം. മുരളി</u> : സർ, ഇൻഡ്യയിൽ ഒരൊറ്റ സംസ്ഥാനത്ത് മാത്രമേ ഇപ്പോൾ മദ്യനിരോധനമുള്ളൂ. ഗാന്ധിജിയുടെ ജൻമദേശമായ ഗുജറാത്തിൽ മാത്രമേ മദ്യനിരോധനമുള്ളൂ. മറ്റ് എല്ലാ സംസ്ഥാനങ്ങളിലും മദ്യം നിർബാധം ഒഴുകുകയാണ്. മദ്യനിരോധനത്തിന്റെ ആദ്യ നടപടിയായി ശ്രീമതി ഷീല ദീക്ഷിത് അല്ല, ആര് ഉത്തരവ് കൊടുത്താലും ഞാൻ അതിനെ എതിർക്കുകയാണ്. എന്റെ ശബ്ദം ഒറ്റപ്പെട്ടതാണെങ്കിലും, ദുർബ്ബലമാണെങ്കിലും, ഞാൻ അതിനെ എതിർക്കുന്നു.

<u>ശ്രീ. പാലോട് രവി</u> : സർ, എനിക്ക് അങ്ങയോടാണ് ഒരു അപേക്ഷയുള്ളത്. കാരണം പൂർണ്ണമായ മദ്യനിരോധനത്തെക്കുറിച്ചുള്ള ഒരു ചാമ്പ്യനായി ശ്രീ. എം. മുരളി നിയമസഭയ്ക്കകത്തും പുറത്തും ഇറങ്ങുകയാണ്. മദ്യനിരോധനത്തിനുവേണ്ടി ഇറങ്ങിത്തിരിച്ച ഹരിപ്പാട്ടിലെ സതീഷ് കുമാർ അടക്കമുള്ളവരുടെ ജീവൻ അപകടത്തിലായി. അതുകൊണ്ട് ബഹുമാനപ്പെട്ട മുരളിക്ക് സംരക്ഷണം കൊടുക്കാൻ അങ്ങ് തയ്യാറാകണം. വ്യാജ മദ്യലോബി അത്രയ്ക്ക് ശക്തമാണ്. അതുകൊണ്ട് ഈ സ്വകാര്യബിൽ നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സംരക്ഷണംകൂടി അങ്ങ് ഉറപ്പുവരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഈ ഭീഷണി കണ്ടുകൊണ്ടാണോ ശ്രീ. പാലോട് രവി പിൻതിരിഞ്ഞത്?

ശ്രീ. എം. മുരളി : സർ, എന്ത് ഭീഷണി വന്നാലും നമ്മുടെ സംസ്ഥാനത്ത് ഇത് സംബന്ധിച്ച് ഒരു ചർച്ചയാകണം. ബഹുദൂരം യാത്ര ചെയ്താൽ മാത്രമേ സമ്പൂർണ്ണ മദ്യനിരോധനത്തിലേക്ക് പോകാൻ കഴിയുകയുള്ളൂ. 1967 മേയ് 1-ന് കേരളത്തിൽ മദ്യനിരോധനം പിൻവലിക്കുമ്പോൾ ഏതാനും പ്രദേശങ്ങളിൽ മാത്രമേ നിരോദനമുണ്ടായിരുന്നുള്ളൂ. സമ്പൂർണ്ണ മദ്യനിരോധനമില്ലായിരുന്നു. സമ്പൂർണ്ണ മദ്യനിരോധനത്തിലേക്കുള്ള യാത്ര ദുഷ്കരമാണ്. അതിന് ബഹുദൂരം മുന്നോട്ടുപോകണം. ഭരണകൂടത്തിന്റെ സ്വാർത്ഥ താല്പര്യങ്ങളെ മാത്രമല്ല, മദ്യരാജാക്കന്മാരുടെ താല്പര്യങ്ങളേയും അതിജീവിച്ചാൽ മാത്രമേ ആ ലക്ഷ്യത്തിൽ എത്താൻ കഴിയുകയുള്ളൂ.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മുരളിക്ക് ഒരപകടവും പറ്റുകയില്ല. കാരണം, ശ്രീ. മുരളിയുടെ മുഖം എപ്പോഴും വിഷാദഭാവം നിറഞ്ഞതാണ്. അതുകൊണ്ട് ഒരു മദ്യ ലോബിക്കാരനും ആക്രമിക്കാൻ തുനിയുകയില്ല.

ശ്രീ. കെ. പ്രകാശ് ബാബു : സർ, അങ്ങയുടെ ശബ്ദം ഒറ്റപ്പെട്ടതാണെങ്കിലും ദുർബ്ബലമാണെങ്കിലും പ്രസംഗിക്കുമെന്ന് പറഞ്ഞല്ലോ, അത് സ്വന്തം കക്ഷിയിലെ അനുഭവം വച്ചുകൊണ്ട് പറഞ്ഞതാണോ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ബഹമാനപ്പെട്ട മെംബർ സമ്പൂർണ്ണ മദ്യനിരോധനം ആവശ്യപ്പെട്ടുകൊണ്ടാണ് പ്രസംഗിക്കുന്നത്. പക്ഷേ ബഹുമാനപ്പെട്ട മെംബറുടെ കക്ഷി ഭരിക്കുന്ന ഡൽഹിയിൽ ഇപ്പോഴും വീടുകൾ തോറും മദ്യം എത്തിച്ചുകൊടുക്കുന്ന ഒരു സമീപനം കൊണ്ടുവന്നിരിക്കുന്നു. അങ്ങയുടെ പാർട്ടിയുടെ അഖിലേൻഡ്യാടിസ്ഥാനത്തിലെ നയമെന്താണെന്ന് വ്യക്തമാക്കുമോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഇതുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. ആന്റണി ഗവൺമെന്റ് ചാരായനിരോധനം കൊണ്ടുവന്നപ്പോൾ ചാരായം മാത്രം നിരോധിച്ചാൽ പോര, സമ്പൂർണ്ണമായിട്ടും മദ്യം നിരോധിക്കണമെന്ന് സമരം നടത്തിയ ശ്രീ. ആന്റണി രാജുവിന്റെ പാർട്ടിക്കാരുൾപ്പെടെയുള്ളവർ ഇപ്പോൾ ഈ നയം മാറ്റുന്നത് ഈ കസേര അപ്പുറത്തേക്ക് മാറിയതുകൊണ്ടാണോയെന്നുള്ളതുകൂടി വ്യക്തമാക്കിയിട്ട് അദ്ദേഹത്തിന് ചോദിക്കാമായിരുന്നു.

ശ്രീ. എം. മുരളി : സർ, ഡൽഹിയിൽ അല്ല ഏത് ഗവൺമെന്റ് അത്തരം നടപടി സ്വീകരിച്ചാലും ഞാൻ അതിനെ എതിർക്കും. മദ്യനിരോധനം, മദ്യ വർജ്ജനമല്ല. ഇന്ന് കേരള സമൂഹത്തിൽ മദ്യപാനം അന്തസ്സിന്റെ ഒരു അടയാളമായി മാറിയിരിക്കുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, സമ്പൂർണ്ണ മദ്യനിരോധനത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയ ഒരു രാജ്യമുണ്ടോ? സമ്പൂർണ്ണ മദ്യനിരോധനം വേണ്ടത് ആർക്കാണ്? വ്യാജ ചാരായം ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നവർക്കല്ലേ സമ്പൂർണ്ണ മദ്യനിരോധനത്തിന്റെ ആവശ്യം? നല്ല മദ്യം കൊടുത്താൽ വ്യാജ ചാരായ വില്പന നടത്തുന്നവരുടേയും അതിന്റെ ഉല്പാദകരുടേയും ബിസിനസ് ഇല്ലാതാകും. അതുകൊണ്ട് വ്യാജ ചാരായം ഉല്പാദിപ്പിക്കുകയും വിതരണം നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നവരെ സഹായിക്കുന്നതിനു വേണ്ടിയല്ലേ സമ്പൂർണ്ണ മദ്യനിരോധനത്തിന്റെ ആവശ്യം?

ശ്രീ. എം. മുരളി : സർ, അത് അങ്ങ് എപ്പോഴും ഉന്നയിക്കുന്ന പല്ലവിയാണ്. ഇൻഡ്യയിൽ ഗുജറാത്ത് സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനമുണ്ട്.

IX മന്ത്രിയുടെ മറുപടി

ശ്രീ. കെ.പി. രാജേന്ദ്രൻ നോട്ടീസ് നൽകിയ 1999-ലെ തൃശൂർ കോൾ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം.

മി. സ്പീക്കർ : ശ്രീ. കെ.പി. രാജേന്ദ്രന്റെ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു. അതിന്റെ മറുപടി മാത്രമാണ് അവശേഷിച്ചിട്ടുള്ളത്.

അതിനുവേണ്ടി 10 മിനിട്ട് കൃഷി വകുപ്പുമന്ത്രിക്ക് അനുവദിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ ഇന്ന് അദ്ദേഹത്തിന് അസൗകര്യമായതുകൊണ്ട് ശ്രീ. കെ.പി. രാജേന്ദ്രന്റെ വിശദീകരണത്തിനുള്ള മറുപടി അടുത്ത ദിവസത്തേക്ക് മാറ്റിവയ്ക്കണമെന്ന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : ഇവിടെ അജണ്ടയിലെ 5-ാമത്തെ ഐറ്റം എടുത്ത അവസരത്തിൽ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 32-ാമതു റിപ്പോർട്ട് പരിഗണിച്ച് അത് അംഗീകരിച്ചു. കമ്മിറ്റി കൂടി അംഗീകരിച്ച റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതനുസരിച്ച് ഈ പർട്ടിക്കുലർ ഇഷ്യൂവിന് സമയം മാറ്റി വച്ചിട്ടുണ്ട്. ഈ സഭയിലെ ഉത്തരവാദപ്പെട്ട ഒരംഗമാണ് മന്ത്രി. മെംബറുടെ അവതരണമോ ചർച്ചയോ അല്ല. വളരെ സ്പെസിഫിക്കായി മറുപടി പറയാനുള്ള ഒരു വിഷയമായതിനാൽ ബന്ധപ്പെട്ട മന്ത്രി ഇല്ലെങ്കിൽ പകരം വേറൊരു മന്ത്രി ഗവൺമെന്റിനുവേണ്ടി മറുപടി പറയണം. ഗവൺമെന്റാണ് അതിനു മറുപടി പറയേണ്ടത്. അതല്ലാതെ മറുപടി മാറ്റി വയ്ക്കുന്നത് ശരിയല്ല; മാറ്റി വയ്ക്കാൻ സാദ്ധ്യമല്ല. അല്ലെങ്കിൽ സഭ ഇപ്പോൾ വീണ്ടും പരിഗണിച്ച് മാറ്റി വയ്ക്കാനുള്ള തീരുമാനമെടുക്കണം.

മി. സ്പീക്കർ : ഇത് സാങ്കേതികമായിട്ട് എടുക്കേണ്ട. കൃഷി വകുപ്പു മന്ത്രി ഇന്നലെ ചെയറിന് ഒരു കത്ത് തന്നു. ഫെബ്രുവരി 25-ാം തീയതി അദ്ദേഹത്തിന് അടിയന്തിരമായ ഒരു ആവശ്യം ഉണ്ട്. ശ്രീ. കെ.പി. രാജേന്ദ്രൻ നോട്ടീസ് നൽകിയ 1994-ലെ തൃശൂർ കോൾ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ചർച്ചയ്ക്കു വരുന്നുണ്ട്. ആ ചർച്ചയിൽ എനിക്കു പകരം ബഹുമാനപ്പെട്ട ഭക്ഷ്യ വിനോദസഞ്ചാര നിയമവകുപ്പുമന്ത്രി ശ്രീ. ഈ ചന്ദ്രശേഖരൻനായർ പങ്കെടുക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് പൂർണ്ണമായി, വകുപ്പുമന്ത്രി പറയുന്ന മാതിരി, മറുപടി പറയാൻ ..... (ബഹളം)

അത്രയേ ഉദ്ദേശിച്ചുള്ളൂ. അത് സാങ്കേതികമായിട്ട് എടുക്കണ്ട, വേണമെങ്കിൽ മാറ്റിവയ്ക്കാം. അദ്ദേഹം മറുപടി പറയുന്നുവെങ്കിൽ പറയട്ടെ.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : മറുപടി പറയാം. തൃശ്ശൂർ കോൾ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

പത്താം കേരള നിയമസഭ

ബിൽ നമ്പർ 227

1999-ലെ കേരള സംസ്ഥാന സമ്പൂർണ്ണ മദ്യനിരോധന ബിൽ

(ശ്രീ. എം.മുരളി, എം.എൽ.എ നോട്ടീസ് നൽകിയത്)

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 227

1999-ലെ കേരള സംസ്ഥാന സമ്പൂർണ്ണ മദ്യ നിരോധന ബിൽ

(ശ്രീ. എം.മുരളി, എം.എൽ.എ നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ ജനങ്ങളുടെ പൊതുനൻമക്കായി സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക-കേരള സംസ്ഥാനത്തെ ജനങ്ങളുടെ പൊതുനൻമക്കായി സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് യുക്ത മായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപ്പത്തി ഒൻപതാം സംവൽസരത്തിൽ താഴെ പറയുന്ന നിയമം ഉണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും-(1) ഈ ആക്ടിനെ 1999 -ലെ കേരള സംസ്ഥാന സമ്പൂർണ്ണ മദ്യ നിരോധന ആക്ട് എന്ന് പേര് പറയാ വുന്നതാണ്.

(2) കേരള സംസ്ഥാനം മുഴുവൻ ഈ ആക്ടിന് വ്യാപ്തി ഉണ്ടായി രിക്കുന്നതാണ്.

(3) ഇത് ഉടനെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ -ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യ പ്പെടാത്ത പക്ഷം,

(എ) 'അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ' എന്നാൽ ഈ ആക് ടിന്റെ നാലാം വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഏതൊരാളും എന്നർത്ഥമാ കുന്നു.

(ബി) "സർക്കാർ ഗസറ്റ്" എന്നാൽ കേരള സർക്കാർ ഗസറ്റ് എന്നർത്ഥമാകുന്നു.

(സി) "പൊതുസ്ഥലം" എന്നാൽ ഈ ആക്ടിന്റെ മൂന്നാം വകുപ്പു പ്രകാരം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും, പൊതുജനങ്ങൾ സന്ദർശിക്കുന്നതുമായ സർവ്വസ്ഥലങ്ങളുമെന്ന് അർത്ഥമാകുന്നു.

(ഡി) "പൊതു വാഹനങ്ങൾ" എന്നാൽ 1988-ലെ മോട്ടോർ വാഹന ആക്ട് പ്രകാരമുള്ള സർവ്വ വാഹനങ്ങളും എന്നർത്ഥമാകുന്നു.

(ഇ) "മദ്യം"എന്നാൽ കള്ള്, ബിയർ, സ്പിരിറ്റ്, വിദേശമദ്യം, ചാരായം തുടങ്ങി ആൾക്കഹോൾ അടങ്ങിയിട്ടുള്ള എല്ലാ പാനീയങ്ങളും എന്നർത്ഥമാകുന്നു.

(എഫ്)"ലഹരിമരുന്ന്" എന്നാൽ 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റാൻസസ് ആക്ട് പ്രകാരം കേന്ദ്ര സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞാപനം ചെയ്തിട്ടില്ലാത്ത എല്ലാവിധ ലഹരി പദാർത്ഥങ്ങളും ലഹരി മരുന്നുകളും എന്നർത്ഥമാകുന്നു.

(ജി) "സമ്പൂർണ്ണ മദ്യനിരോധനം" എന്നാൽ മദ്യത്തിന്റെയും ലഹരി മരുന്നുകളുടെയും ഉൽപ്പാദനം, വിപണനം, കൈമാറ്റം ചെയ്യൽ, ഉപഭോഗം എന്നിവ നിർത്തൽ ചെയ്യൽ എന്നർത്ഥമാകുന്നു.

3. പൊതു സ്ഥലമെന്ന് പ്രഖ്യാപിക്കുമെന്ന് - (1) ഈ ആക്ട് നിലവിൽ വന്നാലുടൻ തന്നെയും കാലാകാലങ്ങളിലും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഏതുസ്ഥലവും ഈ ആക്ടിന്റെ പ്രാവർത്തികയ്ക്കുവേണ്ടി പൊതു സ്ഥലമായി പ്രഖ്യാപിക്കുന്നതാണ്.

4. (1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഒന്നോ, ഒന്നിലധികമോ ഉദ്യോഗസ്ഥൻമാരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായി പ്രഖ്യാപിക്കുന്നതാണ്.

(2) ഒന്നാം ഉപ വകുപ്പ് പ്രകാരം പ്രഖ്യാപിക്കപ്പെടുന്ന ഏതൊരു ഉദ്യോഗസ്ഥനും ഇന്ത്യൻ പീനൽ കോഡിന്റെ 21-ാം വകുപ്പ് അർത്ഥമാക്കുന്ന വിധം പബ്ളിക് സർവന്റ് ആയി കരുതപ്പെടുന്നതാണ്.

5. (1) സംസ്ഥാനം മുഴുവൻ മദ്യവും ലഹരി മരുന്നുകളും പൂർണ്ണമായി നിരോധിക്കുന്നതാണ്.

(2) സംസ്ഥാനത്ത് യാതൊരു വ്യക്തിയോ, പ്രസ്ഥാനമോ, സ്ഥാപനമോ, മദ്യവും, ലഹരിമരുന്നുകളും, ഉൽപ്പാദിപ്പിക്കുകയോ, കൈവശം വയ്ക്കുകയോ, വിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) പൊതുവാഹനങ്ങളിലോ, പൊതുസ്ഥലത്തോ മദ്യം കൊണ്ടു വരികയോ, ഉപയോഗിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

6. <u>മദ്യത്തിന്റെയും മദ്യ വിൽപ്പനശാലകളുടെയും പേരിൽ സ്പോൺസർഷിപ്പ് നിരോധിക്കൽ</u> - മദ്യത്തിന്റെയും മദ്യ വിൽപ്പന ശാലകളുടെയും പരസ്യത്തിനായി യാതൊരുവിധ പരിപാടികളും സ്പോൺസർഷിപ്പായോ അല്ലാതെയോ നടത്താൻ പാടില്ല.

7. <u>മദ്യം, മദ്യ വ്യാപാര സ്ഥാപനങ്ങൾ ഇവയുടെ പരസ്യം നിരോധിക്കൽ</u> - മറ്റേതൊക്കെ ആക്ടുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് നിലവിൽ വരുന്നതോടെ മദ്യം ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നതോ, പ്രചരിപ്പിക്കുന്നതോ ആയ യാതൊരുവിധ പരസ്യങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

8. <u>തെര്യപ്പെടുത്തൽ ഫലകങ്ങൾ സ്ഥാപിക്കൽ</u>- പൊതുസ്ഥലങ്ങളുടെ കാര്യകർത്യത്വം വഹിക്കുന്നവരും, പൊതുജനങ്ങൾ സന്ദർശിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ കാര്യാലയങ്ങളുടെയോ സ്ഥാപങ്ങളുടെയോ അധികാരികളും ഉടമസ്ഥരും വ്യക്തമായി കാണത്തക്കവിധം "സമ്പൂർണ്ണ മദ്യ നിരോധനം" ഏർപ്പെടുത്തിയിരിക്കുന്നു, എന്നും മദ്യവിപത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനുപകരിക്കുന്ന മറ്റു വാക്യങ്ങളും അടങ്ങിയ തെര്യപ്പെടുത്തൽ ഫലകങ്ങൾ സ്ഥാപിക്കേണ്ടതാണ്.

9. <u>നിയമലംഘനം നടത്തിയാലുള്ള ശിക്ഷ</u> - 5,6,7,8 എന്നീ വകുപ്പുകളുടെ ലംഘനം നടത്തുന്ന ഏതൊരാൾക്കും രൂപ പതിനായിരം വരെയുള്ള പിഴ ശിക്ഷയും, രണ്ടാമതും തുടർന്നുള്ളതുമായ ലംഘനങ്ങൾക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വർഷം വരെ തടവോ രൂപ പതിനായിരത്തിന് മേൽ ഇരുപത്തയ്യായിരം രൂപ വരെയുള്ള പിഴ ശിക്ഷയോ രണ്ടും കൂടിയോ നൽകുന്നതായിരിക്കും.

10. പുറത്താക്കുവാനും അധികാരസ്ഥാനങ്ങളിൽ നിയമലംഘനം റിപ്പോർട്ട് ചെയ്യുവാനുമുള്ള അധികാരം- അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും സർവ്വീസ് റാങ്കിൽ കുറയാത്ത ഏതു പോലീസ് ഉദ്യോഗ സ്ഥനും നിയമലംഘനം നടത്തുന്ന ഏതൊരാളെയും, പുറത്താക്കാനോ അധി കാരസ്ഥാനങ്ങളിൽ റിപ്പോർട്ട് ചെയ്ത് നടപടിയെടുക്കുന്നതിനുമുള്ള അധികാ രമുണ്ടായിരിക്കുന്നതാണ്.

11. വിചാരണ ചെയ്യാൻ അധികാരമുള്ള കോടതി - (1) ഒരു ജുഡി ഷ്യൽ മജിസ്ട്രേറ്റ് (ഫസ്റ്റ് ക്ലാസ്) കോടതിയല്ലാതെ കീഴിലുള്ള മറ്റൊരു കോടതികൾക്കും ഈ ആക്ടനുസരിച്ചുള്ള കേസുകൾ വിചാരണ ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതല്ല.

12. നിമയലംഘനം കോഗ്നിസിബിളും ജാമ്യാർഹവുമായിരിക്കു മെന്ന് - 1973-ലെ (1974-ലെ 2) ക്രിമിനൽ പ്രൊസീജിയർ കോഡിൽ എന്തു തന്നെ അടങ്ങിയിരുന്നാലും 5.6.7.8. വകുപ്പുകളുടെ ലംഘനകുറ്റം കോഗ്നിസി ബിളും ജാമ്യാർഹവുമായിരിക്കുന്നതാണ്.

13. ഉടനടി വിചാരണ ചെയ്തു തീർക്കാവുന്ന കുറ്റങ്ങൾ - ഈ ആക്ട് പ്രകാരമുള്ള എല്ലാ കുറ്റങ്ങളും 1973-ലെ (2, 1974) ക്രിമിനൽ പ്രൊസീ ജിയർ കോഡിലെ സമ്മറി വിചാരണ മാതൃകയിൽ വിചാരണ ചെയ്യാവുന്നതാണ്.

14. ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരം.- സർക്കാരിന് ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന ഈ ആക്ട് പ്രകാരമുള്ള അധികാരം ഏതൊരു ഉദ്യോഗസ്ഥനും വ്യവസ്ഥകൾക്കനുസൃതമായി പ്രയോഗിക്കുവാനുള്ള ചുമ തല ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

15. (1) ലഘുകുറ്റങ്ങൾക്കുള്ള ശിക്ഷ - സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അഥവാ പോലീസ് സബ് ഇൻസ്പെക്ടറുടെയോ, എക്സൈസ് സബ് ഇൻസ്പെക്ടറു ടേയോ റാങ്കിൽ കുറയാതെയുള്ള ഉദ്യോഗസ്ഥന് ഈ ആക്ടനുസരിച്ചുള്ള ലഘുകുറ്റങ്ങൾക്ക് ആയിരം രൂപ മുതൽ അയ്യായിരം രൂപ വരെ ഫൈൻ ഈടാക്കികൊണ്ട് തീർപ്പ് ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

16. (1) ഈ ആക്ട് നിലവിൽ വരുന്നതോടെ ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനത്തിനായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനംനിർത്തൽ ചെയ്യുന്നതും ഈ രംഗത്തെ തൊഴിലാളികളുടെ പുനരധിവാസത്തിന് ഉചിതമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഈ ബോർഡുകളുടെ പ്രവർത്തനം പുന:സംവിധാനം ചെയ്യേണ്ടതുമാണ്.

(2) മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി ക്ഷേമനിധി ബോർഡു കൾക്ക് ഉചിതമായ പേരുകൾ സ്വീകരിക്കേണ്ടതാണ്.

(3) തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തന ങ്ങൾക്കൊപ്പം മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടി കൾക്കും മുൻഗണന ഈ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

17. ഈ ആക്ട് നിലവിൽ വരുന്നതോടെ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ അബ്കാരി നിയമങ്ങളും തദനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതായി കരുതേണ്ടതാണ്.

18. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിന്റെ നടപ്പാക്കലിനുവേണ്ടി ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാലു ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് പ്രകാരം എതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന്റെ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് നിശ്ചയിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനു ശേഷം അതതു സംഗതിപോലെ, അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദമോ റദ്ദാക്കലോ ആ ചട്ടപ്രകാരം നേരത്തേ ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതുമാകുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം

സമൂഹത്തെ ആകെ ബാധിച്ചിരിക്കുന്ന മദ്യവിപത്ത് നമ്മുടെ രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ജനങ്ങളുടെ ആരോഗ്യത്തെയും, ചിന്താധാരയെയും സാമൂഹ്യ-കുടുംബജീവിതത്തെയും സാമ്പത്തിക സ്ഥിതിയെയും, ദോഷകരമായി ബാധിച്ചിരിക്കുന്ന മദ്യവിപത്ത് രാഷ്ട്ര പുരോഗതിക്കുതന്നെ ഭീഷണിയായിരിക്കുന്നു. ഇതുമൂലമുണ്ടാകുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിനും ജനങ്ങളെ മദ്യാസക്തിയിൽ നിന്നും മോചിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ ഗണ്യമായ സമ്പത്ത് വിനിയോഗിക്കേണ്ടിവരുന്നു. ചാരായ നിരോധന നടപടിയെത്തുടർന്ന് സംസ്ഥാനത്തുണ്ടിവരുന്നു. ചാരായ നിരോധന നടപടിയെത്തുടർന്ന് സംസ്ഥാനത്തുണ്ടായിട്ടുള്ള ക്രിമിനൽകേസുകളുടെ കുറവ് തന്നെ സമ്പൂർണ്ണ മദ്യനിരോധനത്തിന് പ്രേരണയാകുന്നു.

സംസ്ഥാന സർക്കാർ മദ്യപാനത്തിനെതിരെ ബോധവൽക്കരണം, ചാരായ നിരോധനം എന്നിവ നടത്തുമ്പോൾ തന്നെ മദ്യത്തിന്റെയും കള്ളിന്റെയും ഉൽപ്പാദനവും വിപണനവും ഏറ്റെടുത്തു നടത്തുന്നു എന്നത് വിരോധാഭാസമാണ്, അനധികൃതമായി വിവിധതരം മദ്യങ്ങളും, ലഹരിപാനീയങ്ങളും പരസ്യമായും രഹസ്യമായും നിർമ്മിച്ച് വിതരണം ചെയ്തുവരികയാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്കും ജനങ്ങളുടെ ആരോഗ്യകരമായ ജീവിതത്തിനും സമാധാന ജീവിതത്തിനും ഭീഷണിയായിട്ടുള്ള മദ്യ വിപത്തിനെതിരെയുള്ള സർക്കാരിന്റെ നടപടികളും ബോധവൽക്കരണ ശ്രമങ്ങളും ഇതേവരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ കേരള സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം അനിവാര്യമായി തീർന്നിരിക്കുന്നു. സമ്പൂർണ്ണ മദ്യനിരോധനം എന്ന ആശയം നടപ്പിൽ വരുത്തുന്നതിനും മദ്യത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്നതിനും ഇന്ന് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനും സമഗ്രമായ ഒരു നിയമനിർമ്മാണം ആവശ്യമാണ്.

മേൽപ്പറഞ്ഞ ഉദ്ദേശം നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ബില്ലിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ടതുണ്ട്. എന്നാൽ അത് നിലവിൽ സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്ക് അധികചുമതല നൽകിയും, നിലവിലുള്ള എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥൻമാരെ പുനർവിന്യാസം നടത്തിയും പുതിയ നിയമനങ്ങൾ പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. എന്നിരുന്നാലും നിലവിലുള്ള മദ്യവ്യവസായ തൊഴിലാളികളുടെ പുനരധിവാസത്തിനും മദ്യത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്കും, മറ്റു പ്രാരംഭ ചെലവുകൾക്കുമായി സഞ്ചിത നിധിയിൽ നിന്നും ഏകദേശം ഒരു കോടി രൂപയ്ക്കുള്ള ചെലവ് പ്രതീക്ഷിക്കുന്നു.

ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിന്റെ 18-ാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ടനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ, റദ്ദാക്കുവാനോ അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കുവേണ്ടിയാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമ നിർമ്മാണ അധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണസ്വഭാവത്തിലുള്ളതാണ്.

എം. മുരളി, എം.എൽ.എ

LIBRARY ARCHIVES Kerala Legislative Assembly